**മധുരമായ കുട്ടികളേ - ബാബയുടെയും കുട്ടികളുടെയും കർത്തവ്യത്തിൽ എന്ത് വ്യത്യാസമാണോ ഉള്ളത് അതിനെ തിരിച്ചറിയൂ, ബാബയ്ക്ക് നിങ്ങൾ കുട്ടികളോടൊപ്പം കളിക്കാൻ സാധിക്കും, കഴിക്കാൻ സാധിക്കില്ല.**

**ചോദ്യം:-** സത്സംഗം ഉയർത്തും, കുസംഗം മുക്കും - ഇതിന്റെ ഭാവാർത്ഥം എന്താണ്?
**ഉത്തരം:-** നിങ്ങൾ ഇപ്പോൾ സത്യമായ കൂട്ട്കെട്ട് നടത്തുന്നു അർത്ഥം ബാബയിൽ ബുദ്ധിയോഗം വെയ്ക്കുന്നു അതിനാൽ ലക്ഷ്യം നേടുന്നു. പിന്നീട് പതുക്കെ-പതുക്കെ കുസംഗം അർത്ഥം ദേഹത്തിന്റെ കൂട്ടുകെട്ടിലേക്ക് വരുന്നു, അതിനാൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു എന്തുകൊണ്ടെന്നാൽ കൂട്ടുകെട്ടിന്റെ നിറം ബാധിക്കുന്നു. അതുകൊണ്ടാണ് പറയുന്നത് സത്യത്തിന്റെ സംഗം ഉയർത്തും, കുസംഗം മുക്കും. നിങ്ങൾ ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും മറന്ന് ബാബയുമായി കൂട്ടുകൂടൂ അർത്ഥം ബാബയെ ഓർമ്മിക്കൂ, എങ്കിൽ ബാബയ്ക്കുസമാനം പാവനമായി തീരും.

**ഓം ശാന്തി**. ഇപ്പോൾ കുട്ടികൾക്ക് രണ്ട് ക്ലാസ്സായി. ഇത് നല്ലതാണ്, ഒന്ന് ഓർമ്മയുടെ യാത്ര, അതിലൂടെ പാപം മുറിഞ്ഞ് പോകുന്നു, ആത്മാവ് പാവനമാകുന്നു. രണ്ടാമത്തെ ക്ലാസ്സ് ജ്ഞാനത്തിന്റേതാണ്. ജ്ഞാനവും സഹജമാണ്. ഒരു ബുദ്ധിമുട്ടുമില്ല. നിങ്ങളുടെ സെന്ററിലും ഇവിടെയും വ്യത്യാസമുണ്ടായിരിക്കും. ഇവിടെയാണെങ്കിൽ ബാബയാണിരിക്കുന്നത് കുട്ടികളുമുണ്ട്. ഇത് അച്ഛന്റെയും മക്കളുടെയും മേളയാണ്. നിങ്ങളുട സെന്ററിൽ കുട്ടികൾ പരസ്പരം കൂടുന്ന മേളയാണ്, അതുകൊണ്ടാണ് കുട്ടികൾ സന്മുഖത്ത് വരുന്നത്. ഓർമ്മിക്കുന്നതിനോടൊപ്പം നിങ്ങൾ സന്മുഖത്ത് കാണുകയും ചെയ്യുന്നു - നിന്റെ കൂടെ ഇരിക്കും, നിന്നോടൊപ്പം സംസാരിക്കും.... ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ബാബയുടെയും കുട്ടികളുടെയും കർത്തവ്യത്തിൽ വ്യത്യാസമുണ്ട്. ചിന്തിക്കൂ, ഇതിൽ ബാബയുടെ പാർട്ടെന്താണ്, രഥത്തിന്റെ പാർട്ടെന്താണ്? എന്താ ബാബയ്ക്ക് രഥത്തിലൂടെ കളിക്കാൻ സാധിക്കുമോ? അതെ, കളിക്കാൻ സാധിക്കും. പറയുന്നത്, നിന്നോടൊപ്പം ഇരിക്കും, അതുപോലെ നിന്നോടൊപ്പം കഴിക്കും.... എന്തെന്നാൽ സ്വയം ബാബ കഴിക്കുന്നില്ല. കുട്ടികളോടൊപ്പം കളിക്കുകയും തുള്ളിച്ചാടുന്നതും, അത് സ്വയം ബാബ അറിയുന്നുണ്ട്, രണ്ടുപേരും കളിക്കുന്നുണ്ട്. ചെയ്യുന്നത് എല്ലാം ഇവിടെ തന്നെ നിങ്ങളോടൊപ്പമാണ് കാരണം ബാബ സുപ്രീം ടീച്ചറുമാണ്. ടീച്ചറുടെ ജോലിയാണ് കുട്ടികളെ സന്തോഷിപ്പിക്കുക എന്നത്. അകത്ത് കളിക്കുന്ന കളികളില്ലേ. ഇന്നത്തെകാലത്ത് ഭിന്ന-ഭിന്ന പ്രകാരത്തിലുള്ള കളികളും ധാരാളം വന്നിട്ടുണ്ട്. ഏറ്റവും പ്രസിദ്ധമായത് പകിടകളിയാണ്, മഹാഭാരതത്തിൽ അതിന്റെ വർണ്ണനയുണ്ട്. എന്നാൽ അത് ചൂതുകളിയുടെ രൂപത്തിലാണ്. ചൂതുകളിക്കാരെ പിടിക്കുന്നു. ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ പുസ്തകങ്ങളിൽ നിന്ന് വന്ന കാര്യങ്ങളാണ്.

നിങ്ങൾക്കറിയാം ഈ വ്രതം, നോമ്പ് തുടങ്ങിയവയെല്ലാം ഭക്തി മാർഗ്ഗത്തിലെ കാര്യങ്ങളാണ്. ജലപാനമില്ലാതെ ഇരിക്കുന്നു, ഭക്ഷണവും കഴിക്കില്ല വെള്ളവും കുടിക്കില്ല. ഇനി ഭക്തി മാർഗ്ഗത്തിൽ പ്രാപ്തി ഉണ്ടെങ്കിലും അത് അൽപ കാലത്തിന്റേതാണ്. ഇവിടെയാണെങ്കിൽ നിങ്ങൾ കുട്ടികൾക്ക് എല്ലാം മനസ്സിലാക്കി തരുന്നു. ഭക്തി മാർഗ്ഗത്തിൽ വളരെ പാടുപെടുന്നു. ജ്ഞാനമാർഗ്ഗമാണ് സുഖത്തിന്റെ മാർഗ്ഗം. നിങ്ങൾ അറിഞ്ഞിരിക്കുന്നു നമ്മൾ ബാബയിൽ നിന്ന് സുഖത്തിന്റെ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. ഭക്തിമാർഗ്ഗത്തിലും ഏതെങ്കിലും ഒരാളെ ഓർമ്മിക്കേണ്ടതായുണ്ട്. ഒന്നിന്റെ പൂജയാണെങ്കിലും അവ്യഭിചാരി പൂജയാണ്, അതും നല്ലതാണ്. ഭക്തിയും സതോ-രജോ-തമോ അവസ്ഥയിലുള്ളതുണ്ട്. ഏറ്റവും ഉയർന്നതിലും ഉയർന്ന സതോഗുണിയായുള്ളത് ശിവബാബയുടെ ഭക്തിയാണ്. ശിവബാബ തന്നെയാണ് വന്ന് എല്ലാകുട്ടികളെയും സുഖധാമത്തിലേക്ക് കൊണ്ട് പോകുന്നത്. ആരാണോ ഏറ്റവും കൂടുതൽ കുട്ടികളുടെ സേവനം ചെയ്യുന്നത്, പാവനമാക്കുന്നത് അവരെ വിളിക്കുന്നുമുണ്ട് പിന്നീട് പറയുന്നു കല്ലിലും മുള്ളിലുമുണ്ടെന്ന്, ഇത് നിന്ദയായില്ലേ. നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്ത ബാബയിലൂടെ രാജ്യ ഭാഗ്യം ലഭിച്ചിട്ടുണ്ടായിരുന്നു, വീണ്ടും തീർച്ചയായും ലഭിക്കണം. നിങ്ങൾ ജ്ഞാനത്തെയും, ഭക്തിയെയും വേറെയെന്ന് മനസ്സിലാക്കുന്നു. രാമ രാജ്യവും രാവണ രാജ്യവും എങ്ങനെയാണ് നടക്കുന്നത് - ഇതും നിങ്ങൾ കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് അറിയുന്നു അതിനാൽ നോട്ടീസ് മുതലായവയും അടിച്ചുകൊണ്ടിരിക്കുന്നു എന്തുകൊണ്ടെന്നാൽ മനുഷ്യർക്ക് സത്യമായ അറിവും വേണ്ടേ. നിങ്ങളുടേത് എല്ലാം തന്നെ സത്യമാണ്.

കുട്ടികൾക്ക് സേവനം ചെയ്യണം. സേവനമാണെങ്കിൽ ധാരാളമുണ്ട്. ഈ ബാഡ്ജ് തന്നെ എത്ര നല്ലതാണ് സേവനത്തിന്. എല്ലാത്തിലും വലിയ ശാസ്ത്രമാണ് ഈ ബാഡ്ജ്. ഇപ്പോൾ ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. ഇതിൽ മനസ്സിലാക്കി കൊടുക്കേണ്ടതായുണ്ട്, ഈ ഓർമ്മയുടെ യാത്ര വേറെയാണ്. ഇതിനെയാണ് പറയുന്നത് അജപാജപം. ഒന്നും ജപിക്കേണ്ടതില്ല. ഉള്ളിൽ പോലും ശിവ-ശിവ എന്ന് പറയേണ്ടതില്ല. കേവലം ബാബയെ ഓർമ്മിക്കണം. ഇതാണെങ്കിൽ അറിയാം ശിവബാബ അച്ഛനാണ്, നമ്മൾ ആത്മാക്കൾ ബാബയുടെ മക്കളാണ്. ആ ബാബയാണ് സന്മുഖത്ത് വന്ന് പറയുന്നത് - ഞാൻ പതിത പാവനനാണ്, കല്പ-കല്പം വരുന്നു പാവനമാക്കുന്നതിന്. ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിച്ച് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. തന്റെ പിതാവായ എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പാവനമായിതീരും. എന്റെ പാർട്ട് തന്നെ പതിതരെ പാവനമാക്കുന്നതിന്റേതാണ്. ഇതാണ് ബുദ്ധിയുടെ യോഗം അഥവാ ബാബയോടൊപ്പമുള്ള സംഗം. സംഗത്തിലൂടെ നിറം പകരുന്നു. പറയാറുണ്ട് സത്സംഗം ഉയർത്തുന്നു കുസംഗം മുക്കും.... ബാബയോട് ബുദ്ധിയോഗം വെയ്ക്കുന്നതിലൂടെ നിങ്ങൾ ലക്ഷ്യത്തിലെത്തുന്നു. പിന്നീട് ഇറങ്ങാൻ ആരംഭിക്കുന്നു. ബാബയെ പ്രതിയാണ് മഹിമ പാടിയിട്ടുള്ളത് സത്യത്തിന്റെ സംഗം ഉയർത്തും.... അതിന്റെ അർത്ഥം പോലും ഭക്തി മാർഗ്ഗത്തിലുള്ളവർ അറിയുന്നില്ല. നിങ്ങൾ അറിയുന്നുണ്ട് നമ്മുടെ ആത്മാവ് പതിതമാണ്, ആ പാവനനോടൊപ്പം ബുദ്ധിയോഗം വെയ്ക്കുന്നിലൂടെ പാവനമാകുന്നു. ആത്മാവിന് പരമാത്മാവായ പിതാവിനെ ഓർമ്മിക്കേണ്ടതായുണ്ട്. എപ്പോഴാണോ ആത്മാവ് പവിത്രമാകുന്നത് അപ്പോൾ ശരീരവും പവിത്രമാകും, സത്യമായ സ്വർണ്ണമാകും. ഇതാണ് ഓർമ്മയുടെ യാത്ര. യോഗ അഗ്നിയിലൂടെ വികർമ്മം ഭസ്മമാകുന്നു, കറ ഇല്ലാതാകുന്നു. നിങ്ങൾക്കറിയാം സത്യയുഗീ പുതിയ ലോകത്തിൽ നമ്മൾ പവിത്ര സമ്പൂർണ്ണ നിർവ്വികാരിയായിരുന്നു, 16 കലാ സമ്പൂർണ്ണവുമായിരുന്നു. ഇപ്പോൾ ഒരു കലയും അവശേഷിക്കുന്നില്ല, ഇതിനെയാണ് പറയുന്നത് രാഹുവിന്റെ ഗ്രഹണം. മുഴുവൻ ലോകത്തിൽ, വിശേഷിച്ചും ഭാരതത്തിൽ രാഹുവിന്റെ ഗ്രഹണം ബാധിച്ചിരിക്കുകയാണ്. ശരീരവും കറുത്തതാണ്, എന്തെല്ലാം നിങ്ങൾ ഈ കണ്ണുകളിലൂടെ കാണുന്നുവോ എല്ലാം കറുത്തതാണ്. ഏതുപോലെയാണോ രാജാ റാണി അതുപോലെ തന്നെ പ്രജകളും. ശ്യാമസുന്ദരന്റെ അർത്ഥം പോലും ആരും അറിയുന്നില്ല. എത്ര പേരുകളാണ് മനുഷ്യരാൽ വെച്ചിട്ടുള്ളത്. ഇപ്പോൾ ബാബ വന്ന് അർത്ഥം മനസ്സിലാക്കി തന്നു. നിങ്ങൾ തന്നെയാണ് ആദ്യം സുന്ദരനും പിന്നീട് ശ്യാമനുമാകുന്നത്. ജ്ഞാന ചിതയിലിരിക്കുന്നതിലൂടെ നിങ്ങൾ സുന്ദരനാകുന്നു വീണ്ടും ഇതാകണം - ശ്യാമനിൽ നിന്ന് സുന്ദരൻ, സുന്ദരനിൽ നിന്ന് ശ്യാമൻ. അതിന്റെ അർത്ഥം ബാബ ആത്മാക്കൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട്. നമ്മൾ ആത്മാക്കൾ ഒരു ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്. ബുദ്ധിയിൽ വന്നിരിക്കുന്നു നമ്മൾ ബിന്ദുവാണ്. ഇതിനെയാണ് പറയുന്നത് ആത്മാവിന്റെ സാക്ഷാത്കാരം. പിന്നെ കാണാനുള്ളതാണ് ഉൾക്കണ്ണ്. ഇതെല്ലാമാണ് മനസ്സിലാക്കേണ്ട കാര്യങ്ങൾ. ആത്മാവിനെ മനസ്സിലാക്കണം. ഞാൻ ആത്മാവാണ്, ഇതെന്റെ ശരീരമാണ്. നമ്മൾ ഇവിടെ ശരീരത്തിൽ വന്ന് ഭാഗം അഭിനയിക്കുന്നു. ഏറ്റവും ആദ്യം നമ്മളാണ് വരുന്നത്, ഡ്രാമയുടെ പ്ലാനനുസരിച്ച്. എല്ലാവരും ആത്മാക്കളാണ്- ചിലരിൽ പാർട്ട് എത്രയാണ്, ചിലരിലെത്രയാണ്. ഇത് വളരെ വലിയ പരിധിയില്ലാത്ത നാടകമാണ്. ഇതിൽ നമ്പർ അനുസരിച്ച് എങ്ങനെയാണ് വരുന്നത്, പാർട്ടഭിനയിക്കുന്നത്- ഇത് നിങ്ങൾക്കറിയാം. ഏറ്റവും ആദ്യം ദേവീ-ദേവതാ കുലമാണ്. ഈ ജ്ഞാനവും നിങ്ങൾക്ക് ഇപ്പോൾ ഈ പുരുഷോത്തമ സംഗമയുഗത്തിലാണ് ഉള്ളത്. ശേഷം പിന്നീട് ഒന്നും തന്നെ ഓർമ്മ ഉണ്ടായിരിക്കില്ല. ബാബ പറയുകയാണ് ഈ ജ്ഞാനം പ്രായഃ ലോപമായി പോകുന്നു. ആർക്കും ഇതറിയില്ല ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന എങ്ങനെയാണ് ഉണ്ടായത്. ചിത്രമുണ്ട് എന്നാൽ അത് എങ്ങനെയാണ് സ്ഥാപിക്കപ്പെട്ടത്, ഇതാർക്കും അറിയില്ല. നിങ്ങൾ കുട്ടികൾക്കറിയാം നിങ്ങൾ പിന്നീട് മറ്റുള്ളവരെ തനിക്ക് സമാനമാക്കുന്നു. വളരെ പേരുണ്ടെങ്കിൽ പിന്നീട് തീർച്ചയായും ലൗഡ് സ്പീക്കർ വെയ്ക്കേണ്ടി വരും. എന്തെങ്കിലും യുക്തി തീർച്ചയായും വരും. വളരെ വലിയ ഹാളിന്റെയും ആവശ്യം വരും. ഏതുപോലെയാണോ കല്പം മുൻപ് എന്തെല്ലാം കാര്യങ്ങളാണോ ചെയ്തിട്ടുണ്ടായിരുന്നത് അത് വീണ്ടും ഉണ്ടാകും. ഇത് മനസ്സിലാകുന്നു. കുട്ടികൾ വർദ്ധിച്ചുകൊണ്ടിരിക്കും. ബാബ മനസ്സിലാക്കി തന്നിരുന്നു വിവാഹത്തിനെല്ലാം ഹാളുകളെല്ലാം ഉണ്ടാക്കുന്നവരോടും മനസ്സിലാക്കി കൊടുക്കൂ. ഇവിടെയും കല്യാണത്തിന് വേണ്ടി ധർമ്മശാല മുതലായവ ഉണ്ടാക്കിക്കൊണ്ടിരിക്കുകയല്ലേ. ആരെങ്കിലും തന്റെ കുലത്തിലേതാണെങ്കിൽ പെട്ടെന്ന് മനസ്സിലാക്കുന്നു, ആര് ഈ കുത്തിലേതല്ലയോ അവർ വിഘ്നമുണ്ടാക്കും. ആര് ഈ കുലത്തിലേതാണോ അവർ പെട്ടെന്ന് അംഗീകരിക്കും അതായത് ഇവർ സത്യമാണ് പറയുന്നത്, ആര് ഈ ധർമ്മത്തിലേതല്ലയോ അവർ തർക്കിക്കും, പറയും ഈ സമ്പ്രദായങ്ങളെല്ലാം നടന്ന് വരുന്നതാണ്. ഇപ്പോൾ അപവിത്ര പ്രവർത്തീ മാർഗ്ഗമാണ്, വീണ്ടും ബാബ വന്നിരിക്കുന്നു പാവനമാക്കുന്നതിന്. നിങ്ങൾ പവിത്രതയുടെ മേൽ ഊന്നൽ നൽകുന്നത് കാരണം എത്ര വിഘ്നമാണ് ഉണ്ടാകുന്നത്. നേതാക്കൻമാരുണ്ട്, അവർക്കെത്ര ആദരവാണ്. പോപ്പിനും ആദരവുണ്ട്. നിങ്ങൾക്കറിയാം പോപ്പ് എന്താണ് വന്ന് ചെയ്യുന്നതെന്ന്. ലക്ഷം-കോടി വിവാഹം ചെയ്യിക്കുന്നു, വളരെ വിവാഹങ്ങൾ നടക്കുന്നുണ്ട്. പോപ്പ്

വന്ന് പാണിഗ്രഹണം നടത്തിക്കുന്നു. ഇതിൽ അവർ വളരെ മഹത്വമായി കരുതുന്നു. മഹാത്മാക്കളെയും വിവാഹത്തിന് വിളിക്കാറുണ്ട്. ഇന്നത്തെകാലത്ത് വിവാഹനിശ്ചയവും ചെയ്യിക്കാറുണ്ട്. ബാബ പറയുന്നു കാമം മഹാശത്രുവാണ്. ഈ ആജ്ഞ ഇറക്കുക അത്ര എളുപ്പമുള്ള കാര്യമല്ല, ഇതിൽ മനസ്സിലാക്കികൊടുക്കുന്നതിന്റെ വലിയ യുക്തി വേണം. മുന്നോട്ട് പോകെ പതുക്കെ-പതുക്കെ മനസ്സിലാക്കും. ആദി സനാതന ഹിന്ദു ധർമ്മത്തിലുള്ളവർ ആരാണോ അവർക്ക് മനസ്സിലാക്കി കൊടുക്കൂ. അവർക്ക് പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കും അതായത് ശരിക്കും ആദി സനാതന ദേവീ-ദേവതാ ധർമ്മമായിരുന്നു ഉണ്ടായിരുന്നത്, അല്ലാതെ ഹിന്ദു ധർമ്മമല്ല. ഏതുപോലെയാണോ നിങ്ങൾ ബാബയിലൂടെ അറിഞ്ഞത് അതുപോലെ മറ്റുള്ളവരും മനസ്സിലാക്കി വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. ഇതും പക്കാ നിശ്ചയമുണ്ട്, ഈ തൈ പിടിച്ചു കൊണ്ടിരിക്കും. നിങ്ങൾ ബാബയുടെ ശ്രീമത്തിലൂടെ ദേവതയാകുന്നു. ഇവരാണ് പുതിയ ലോകത്തിൽ കഴിയുന്നവർ. മുൻപ് നിങ്ങൾക്ക് ഇത് തീർത്തും അറിയില്ലായിരുന്നു അതായത് ബാബ സംഗമത്തിൽ വന്ന് നമ്മളെ ട്രാൻസ്ഫറാക്കുമെന്ന്. അല്പം പോലും അറിയില്ലായിരുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് സത്യം-സത്യമായ പുരുഷോത്തമ സംഗമയുഗമെന്ന് ഇതിനെയാണ് പറയുന്നത്. നമ്മൾ പുരുഷോത്തമനായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നോ അത്രത്തോളം ആയിമാറും.

ഓരോരുത്തർക്കും തന്റെ ഹൃദയത്തോട് ചോദിക്കണം. സ്കൂളിൽ ഏത് വിഷയത്തിലാണോ ദുർബലനായിട്ടുള്ളത് അപ്പോൾ മനസ്സിലാക്കും ഞാൻ ഇതിൽ തോൽക്കും. ഇതും പാഠശാലയാണ്, സ്കൂളാണ്. ഗീതാ പാഠശാല അത് പ്രസിദ്ധമാണ്. പിന്നീട് അതിന്റെ പേര് അല്പം മാറ്റിയിട്ടുണ്ട്. നിങ്ങൾ എഴുതുന്നു സത്യമായ ഗീത, അസത്യമായ ഗീത, അപ്പോഴും വഴക്കുണ്ടാക്കുന്നു. തീർച്ചയായും പ്രശ്നമുണ്ടാകും, ഇതിൽ പേടിക്കേണ്ട കാര്യമില്ല. ഇന്നത്തെകാലത്ത് ഇത് ഫാഷനായിരിക്കുകയാണ് ബസ്സുകൾ മുതലാവ കത്തിക്കുന്നു, തീ വച്ചുകൊണ്ടേയിരിക്കുന്നു. ആര് എന്ത് പഠിപ്പിച്ചോ, അത് തന്നെ പഠിക്കുന്നു. മുൻപത്തേക്കാളും കൂടുതൽ ഇപ്പോൾ പഠിച്ചിരിക്കുന്നു. എല്ലാവരും പിക്കറ്റിംഗ് മുതലായവ ചെയ്തുകൊണ്ടിരിക്കുന്നു. ഗവൺമെന്റിനും ഓരോ വർഷവും നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നു പിന്നീട് ടാക്സ് വർദ്ധിപ്പിക്കുന്നു. ഒരു ദിവസം ബാങ്ക് മുതലായ എല്ലാവരുടെയും നിലവറ തുറക്കും. ധാന്യം മുതലായവയ്ക്ക് പോലും പരിശോധിക്കുന്നുണ്ട് - എവിടെയും കൂടുതലായി വെച്ചിട്ടില്ലല്ലോ. ഈ എല്ലാകാര്യങ്ങളിൽ നിന്നും നിങ്ങൾ മുക്തമായിരിക്കുന്നു. നിങ്ങൾക്ക് മുഖ്യമായിട്ടുള്ളത് തന്നെ ഓർമ്മയുടെ യാത്രയാണ്. ബാബ പറയുന്നു എനിക്ക് ഈ കാര്യങ്ങളുമായൊന്നും ബന്ധമില്ല. എന്റെ കർത്തവ്യം കേവലം വഴി പറഞ്ഞ് തരിക മാത്രമാണ്. അപ്പോൾ നിങ്ങളുടെ എല്ലാ ദുഃഖവും ദൂരെയാകും. ഈ സമയം നിങ്ങളുടെ കർമ്മങ്ങളുടെ കണക്ക് ഇല്ലാതാകുകയാണ്. അവശേഷിച്ചിട്ടുള്ള രോഗം മുതലായവയെല്ലാം പുറത്ത് വരും. അന്തിമം വരേയ്ക്കും അവശേഷിച്ചിട്ടുള്ള എല്ലാ കണക്കുകളും ഇല്ലാതാകണം. പേടിക്കരുത്. രോഗങ്ങളിലും മനുഷ്യർക്ക് ഭഗവാന്റെ ഓർമ്മ ഉണർത്താറില്ലേ. നിങ്ങൾ ആശുപത്രിയിലും പോയി ജ്ഞാനം നൽകൂ നിങ്ങൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. കേവലം ഈ ജന്മത്തെ കാര്യമല്ല, ഭാവിയിലെ 21 ജന്മത്തേക്ക് ഞങ്ങൾ ഗ്യാരണ്ടി നൽകുകയാണ്, ഒരിക്കലും രോഗിയാകില്ല. ഒരു ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ ആയുസ്സും വർദ്ധിക്കും. ഭാരതവാസികളുടെ ആയുസ്സ് വലുതായിരുന്നു, നിരോഗിയായിരുന്നു. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് ശ്രീമത്ത് നൽകുകയാണ് ശ്രേഷ്ഠമാകുന്നതിന് വേണ്ടി. പുരുഷോത്തമം എന്ന ശബ്ദം ഒരിക്കലും മറക്കരുത്. കല്പ-കല്പം നിങ്ങൾ തന്നെയാണാകുന്നത്. ഇങ്ങനെ മറ്റാർക്കും പറയാൻ സാധിക്കില്ല. അതുകൊണ്ട് ഇങ്ങനെ-ഇങ്ങനെയുള്ള സേവനം വളരെ ചെയ്യാൻ സാധിക്കും. ഡോക്ടർമാർക്കാണെങ്കിൽ ഏതെങ്കിലും സമയം കണ്ടെത്താൻ സാധിക്കും. ജോലി ചെയ്യുന്നവർക്ക് പോലും വളരെ സേവനം ചെയ്യാൻ സാധിക്കും. രോഗികളോട് പറയൂ - ഞങ്ങളുടേതും വലിയ ഡോക്ടറാണ്, അവിനാശി പരിധിയില്ലാത്ത സർജനാണ്. ഞങ്ങൾ അവരുടേതായിരിക്കുന്നു അതിലൂടെ ഞങ്ങൾ 21 ജന്മം നിരോഗിയാകുന്നു. ആരോഗ്യ വകുപ്പ് മന്ത്രിക്കും മനസ്സിലാക്കി കൊടുക്കൂ, ആരോഗ്യത്തിന് വേണ്ടി എന്തിനാണ് ഇത്രയും തലയിട്ടടിക്കുന്നത്. സത്യയുഗത്തിൽ മനുഷ്യർ വളരെ കുറവായിരുന്നു. ശാന്തി, സുഖം, പവിത്രത എല്ലാമുണ്ടായിരുന്നു.

മുഴുവൻ ലോകത്തിലും നിങ്ങൾ മാത്രമാണ് എല്ലാവരുടെയും മംഗളം ചെയ്യുന്നവർ. നിങ്ങൾ വഴികാട്ടിയല്ലേ. പാണ്ഡവ സമ്പ്രദായിയാണ്. ഇത് ആരുടെയും ബുദ്ധിയിൽ ഉണ്ടായിരിക്കില്ല. ഭക്ഷ്യ മന്ത്രിക്ക് മനസ്സിലാക്കികൊടുക്കൂ - ഏറ്റവും ആദ്യം ഏറ്റവും വലിയ ഭക്ഷ്യ മന്ത്രി അത് ശിവബാബയാണ്. ഇത്രയും ധാന്യം നൽകുന്നു ആ സ്വർഗ്ഗത്തിൽ ഒരിക്കലും മായം ചേർക്കൽ ഉണ്ടാകില്ല. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിലാണ്. മുഴുവൻ ചക്രവും നിങ്ങളുടെ ബുദ്ധിയിലുണ്ട് അതുകൊണ്ടാണ് നിങ്ങളെ സ്വദർശന ചക്രധാരിയെന്ന് പറയുന്നത്. ബാക്കി ഭാരതം പാപ്പരായിരിക്കുന്നു. ബുദ്ധിയുള്ള ആൾ വന്ന് ബുദ്ധി ഉപദേശിച്ചു

കൊണ്ടിരിക്കുന്നു, ഇതും നിങ്ങൾ കുട്ടികൾക്കറിയാം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരു ബാബയെ കൂട്ടുകാരനാക്കി, നിന്നോടൊപ്പമേ ഇരിക്കൂ, നിന്നിൽ നിന്നേ കേൾക്കൂ, നിന്നോടൊപ്പമേ കഴിക്കൂ.... ഈ അനുഭവം ചെയ്യണം. കുസംഗം ഉപേക്ഷിച്ച് സത്യത്തിന്റെ സംഗത്തിൽ കഴിയണം.

2) കർമ്മങ്ങളുടെ കണക്ക് ഓർമ്മയുടെ യാത്രയിലൂടെയും കർമ്മഭോഗിലൂടെയും ഇല്ലാതാക്കി സമ്പൂർണ്ണ പാവനമാകണം. സംഗമയുഗത്തിൽ സ്വയത്തെ പൂർണ്ണമായും ട്രാൻസ്ഫർ ചെയ്യണം.

## വരദാനം:- ഹൃദയം കൊണ്ട് “എന്റെ ബാബാ” എന്ന് പറഞ്ഞ് സത്യമായ വ്യാപാരം ചെയ്യുന്ന സമർപ്പിതം അഥവാ മർജീവയായി ഭവിക്കൂ

ബ്രഹ്മാകുമാരൻ, കുമാരിയാകുകയെന്നാൽ സമർപ്പിതമാകുക. എപ്പോൾ ഹൃദയം കൊണ്ട് പറയുന്നോ “എന്റെ ബാബാ” അപ്പോൾ ബാബയും പറയുന്നു എല്ലാം നിന്റേത്. ഗൃഹസ്ഥത്തിലാകട്ടെ സേവാകേന്ദ്ര ത്തിലാകട്ടെ എന്നാൽ ആരാണോ ഹൃദയം കൊണ്ട് പറഞ്ഞത് എന്റെ ബാബാ എന്ന്, അപ്പോഴാണ് ബാബയും സ്വന്തമാക്കി മാറ്റിയത്, ഇത് ഹൃദയത്തിന്റെ വ്യാപാരമാണ്, വായ്കൊണ്ടുള്ള സ്ഥൂല വ്യാപാരമല്ല. സമർപ്പിതം അർത്ഥം ശ്രീമതത്തിനുള്ളിൽ കഴിയുന്നവർ. ഇങ്ങനെ സമർപ്പിതമാകുന്നവർ തന്നെയാണ് മർജീവ ബ്രാഹ്മ ണർ.

## സ്ലോഗൻ:- അഥവാ എന്റേതെന്ന ശബ്ദത്തോട് സ്നേഹമുണ്ടെങ്കിൽ അനേകം എന്റേ തിനെ ഒരു എന്റെ ബാബയിൽ ലയിപ്പിക്കൂ.

നമ്മളെല്ലാവരുടേയും അതി സ്നേഹിയും, ബാപ്ദാദയുടെ കൺമണിയും, തന്റെ ഹൃദയത്തിൽ ദിലാരാമ നായ ബാബയെ പ്രതിഷ്ഠിച്ച, ബാപ്ദാദയുടെ രഥം, (ചെറു നന്ദി) ദാദി ഗുൽസാർജി 2021 മാർച്ച് 11 ന് അവ്യക്ത വതനവാസിയായി. ഇന്ന് ദാദിയുടെ പുണ്യ സ്മൃതി ദിവസത്തിൽ നമ്മളെല്ലാവരും ദാദിയുടെ അമൂല്യ വചനം തന്റെ ജീവിതത്തിൽ പകർത്തി ദാദിയുടെ സ്നേഹത്തിനും ബാപ്ദാദയുടെ പാലനയ്ക്കു മുള്ള പ്രതിഫലം നൽകാം, ഇതാണ് ദാദിക്കുള്ള സത്യമായ ശ്രദ്ധാജ്ഞലി.

### ഗുൽസാർ ദാദിജിയിലൂടെ ഉച്ഛരിച്ച ചില അമൂല്യ വചനങ്ങൾ

1) തന്റെ എല്ലാ ഉത്തരവാദിത്വങ്ങളും ബാബയ്ക്ക് നൽകി ഡബിൾ ലൈറ്റായി കഴിയുകയാണെങ്കിൽ സന്തോ ഷത്തിൽ നൃത്തം ചെയ്തുകൊണ്ടിരിക്കും.
2) മനസ്സിനെയും ബുദ്ധിയേയും ഒരു ബാബയിൽ വയ്ക്കുക, ഏകാഗ്രമാക്കുന്നത് തന്നെയാണ് സ്തൃമായ സാധന.
3) പരമാത്മാ സ്നേഹം മാത്രമാണ് നിസ്വാർത്ഥ സ്നേഹം, ഇതിന്റെ റിട്ടേണായി കേവലം സമാനവാകൂ.
4) ബാബയോടൊപ്പമുള്ള അനുഭവം ചെയ്യുന്നതിന് വേണ്ടി മനസ്സിനേയും ബുദ്ധിയേയും ക്ലീനും ക്ലിയറു മാക്കി വയ്ക്കൂ.
5) സർവ്വശക്തിവാനായ ബാബ കൂടെയുണ്ട് അതുകൊണ്ട് സദാ ആനന്ദത്തിൽ കഴിയൂ, സംശയിക്കരുത്, ഭയപ്പെടരുത്, ഒരിക്കലും നിരാശരാകരുത്.
6) സൂക്ഷ്മ ശരീരത്തിലൂടെ സേവനം ചെയ്യുന്നതിന് വേണ്ടി ഡബിൾ ലൈറ്റാകൂ.
7) ബാബയെ ഹൃയത്തിന്റെ അവസ്ഥ കേൾപ്പിക്കൂ, കണ്ണുകളിൽ പ്രതിഷ്ഠിക്കൂ എങ്കിൽ ആരിലും കണ്ണുകൾ മുങ്ങുകയില്ല.
8) അന്തിമ സമയത്തിൽ മനസ്സാ സേവനം ചെയയ്യുന്നതിന് വേണ്ടി സർവ്വ ശക്തികളുടേയും സ്റ്റോക്ക് ശേഖരിക്കൂ.